**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 168** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിർമ്മാണം പുരോഗമിക്കുന്ന കിഫ്ബി പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിർമ്മാണം പുരോഗമിക്കുന്ന കിഫ്ബി പദ്ധതികളായ മദർ & ചൈൽഡ്, സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്കുകളുടെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

**<u>മറുപടി:</u>** തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ കിഫ്ബി ധനസഹായത്തോടെ മദർ & ചൈൽഡ് ബ്ലോക്ക്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. മദർ & ചൈൽഡ് ബ്ലോക്കിന്റെ നിർമ്മാണത്തിനായി സർക്കാർ 277.76 കോടി രൂപയുടെ ഭരണാനുമതിയും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണത്തിനായി സർക്കാർ 285.54 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. നിലവിൽ മദർ & ചൈൽഡ് ബ്ലോക്കിന്റെ നിർമ്മാണം 70 ശതമാനവും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം 65 ശതമാനവും പൂർത്തിയായിട്ടുണ്ട്.

**(ബി)** പ്രസ്തുത ബ്ലോക്കുകളുടെ നിർമ്മാണം എത്ര മാസത്തിനകം പൂർത്തിയാക്കി പ്രവർത്തനമാരംഭിക്കാനാകുമെന്നാണ് കണക്കാക്കുന്നത്;

**<u>മറുപടി:</u>** 2026 ഡിസംബർ മാസത്തോടെ പ്രസ്തുത പദ്ധതി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

**(സി)** പ്രസ്തുത ബ്ലോക്കുകൾ പ്രവർത്തനസജ്ജമാകുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്ന നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

**<u>മറുപടി:</u>** മദർ & ചൈൽഡ് ബ്ലോക്ക്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവയിലേക്കാവശ്യമായ ഉപകരണങ്ങളുടെ പട്ടിക തയ്യാറാക്കി ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ഡി)** പുതിയ ബ്ലോക്കുകൾ പ്രവർത്തനസജ്ജമാകുന്നതോടെ കൂടുതലായി ആവശ്യമായി വരുന്ന മാനവവിഭവശേഷി ഒരുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

**<u>മറുപടി:</u>** നിർമ്മാണം പൂർത്തിയാക്കി കെട്ടിടം പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് ആവശ്യമായി വരുന്ന മാനവവിഭവശേഷി ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**